പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 72 — 8-3-2012 ൽ മറുപടിയ്ക്ക്

## '108' ആംബുലൻസിന്റെ സേവനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ<br>,, പാലോട് രവി<br>,, വി. പി. സജീന്ദ്രൻ<br>,, എം. പി. വിൻസെന്റ് | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) 108 ആംബുലൻസിന്റെ സേവനം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ; | (എ) 108 ആംബുലൻസിന്റെ സേവനം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുവാനായി എൻ.ആർ.എച്ച്.എം.ന്റെ 2012-13 PIP യിൽ ഉൾപ്പെടുത്തി 283 ആംബുലൻസുകൾ വാങ്ങുവാനായി 117 കോടി രൂപയുടെ പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ആവശ്യത്തിന് പുതിയ ആംബുലൻസുകൾ വാങ്ങിക്കുവാൻ കേരള എമർജൻസി മെഡിക്കൽ പ്രോജക്ട് (കെംപ്) പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ആയത് വിശദമാക്കുമോ; | (ബി) സർക്കാർ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ കേരള എമർജൻസി മെഡിക്കൽ പ്രോജക്ടി ന്റെ നടത്തിപ്പ് ഏൽപിക്കുകയും എൻ.ആർ.എച്ച്.എം. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് 283 ആംബുലൻസുകൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്(KMSCL) വഴി വാങ്ങി കേരളസംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുവാൻ ഉള്ള പദ്ധതി തയ്യാറാക്കികഴിഞ്ഞു. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്? | (സി) തിരുവനന്തപുരം ജില്ലയിലും ആലപ്പുഴ ജില്ലയിലും ചികിത്സ ഹെൽത്ത് കെയർ എന്ന ഏജൻസി മുഖാന്തിരമാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്. |

B.V. Kumar

സെക്ഷൻ ഓഫീസർ